## മൂന്നാമദ്ധ്യായം

# സ്വാതന്ത്ര്യത്തിന്റെ 30 വർഷങ്ങൾ

## 1. സർക്കാർ തലത്തിൽ

1935–ലെ ഇൻഡ്യാ ആക്ട് അനുസരിച്ച് പ്രവിശ്യാ മന്ത്രിസഭകൾ രൂപീകരിക്കാൻ കോൺഗ്രസ്സ് തീരുമാനിച്ചപ്പോൾ മദ്യനിരോധനം പോലെയുള്ള പരിപാടികൾ നടപ്പിലാക്കാൻ അവർക്ക് അവസരം ലഭിച്ചു.

1931 ജനുവരി മാസത്തിൽ സർദാർ വല്ലഭഭായി പട്ടേലിന്റെ അദ്ധ്യക്ഷതിൽ കറാച്ചിയിൽ കൂടിയ കോൺഗ്രസ്സ് വാർഷിക സമ്മേളനം മദ്യനിരോധനത്തിന്റെ പരമമായ പ്രാധാന്യത്തെ ഊന്നിപ്പറയുകയും മൗലികാവകാശങ്ങളെക്കുറിച്ചുള്ള പ്രമേയത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സമ്പൂർണ്ണമായ നിരോധനം ഈ അവകാശങ്ങളിൽ ഉൾപ്പെടുത്തണമെന്നു പ്രഖ്യാപിക്കകയും ചെയ്തിരുന്നു. 1937–ൽ പുതുതായി അധികാരത്തിൽ വന്ന കോൺഗ്രസ്സ് സർക്കാരുകളോട് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്താൻ പ്രവർത്തകസമിതി ആവശ്യപ്പെട്ടു. കോൺഗ്രസ്സിന്റെ സുദീർഘമായ ചരിത്രത്തിലെ ഏറ്റവും മഹത്തായ നടപടിയായി ഗാന്ധിജി ഈ പ്രമേയത്തെ കൊണ്ടാടി. മൂന്നു വർഷത്തിനുള്ളിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുവാൻ കോൺഗ്രസ്സ് മന്ത്രിസഭകളോട് ആവശ്യപ്പെടുന്നതോടൊപ്പം ഇതര പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ഇങ്ങനെയൊരു നടപടി എടുക്കണമെന്നു കോൺഗ്രസ്സ് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ അധികാരത്തിൽ വന്ന കോൺഗ്രസ്സ് നേ

താക്കളിൽ സി. രാജഗോപാലാചാരി (മദ്രാസ്) മൊറാർജി ദേശായി (ബോംബെ) എന്നിവർക്കു മാത്രമേ മദ്യനിരോധനത്തോടു പൂർണ്ണമായ പ്രതിബദ്ധത ഉണ്ടായിരുന്നുള്ളു.

1937–ൽ 11 പ്രവിശ്യകളിൽ 7ലും കോൺഗ്രസ്സ് മന്ത്രസഭ ഉണ്ടാക്കി. പരീക്ഷണമെന്ന നിലയിൽ ബോംബെ, യു.പി., മദ്ധ്യപ്രദേശ്, ബീഹാർ, മദ്രാസ് എന്നീ പ്രദേശങ്ങളിൽ തെരഞ്ഞെടുത്ത ചില പ്രദേശങ്ങളിൽ മദ്യനിരോധനം ഏർപ്പെടുത്തി. മദ്രാസിൽ സേലം ജില്ലയാണ് ഇതിനു തെരഞ്ഞെടുക്കപ്പെട്ടത്. ബോംബേ പ്രവിശ്യയിൽ ബോംബെ, അഹമ്മദാബാദ് എന്നീ സ്ഥലങ്ങളും. എന്നാൽ 1939–ൽ കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവെച്ചപ്പോൾ ഭരണകൂടത്തിനു മദ്യനിരോധനത്തിനുള്ള ഉത്സാഹം തണുത്തു. സ്വാതന്ത്ര്യത്തിന്റെ മുന്നോടിയായി 1946–ൽ പ്രവിശ്യകളിലും കേന്ദ്രത്തിലും ജനകീയ മന്ത്രിസഭകൾ വന്നപ്പോൾ മദ്യനിരോധനം ബോംബെ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽ പൂർണ്ണമായി നടപ്പാക്കി. മദ്രാസിൽ രാജാജി (1878 – 1972) യും ബോംബെയിൽ മൊറാർജി ദേശായി (1896–1995) യുമാണ് ഇതിനു പിന്നിൽ ഉണ്ടായിരുന്നത്. അങ്ങനെ മലബാർ ഉൾപ്പെടെയുള്ള മദ്രാസ് പ്രസിഡൻസി 1948 ഒക്ടോബറോടെ പൂർണ്ണ മദ്യനിരോധനത്തിനു വിധേയമായി. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം 1950 ജനുവരി 26ന് ഇൻഡ്യൻ ഭരണഘടന അംഗീകൃതമായപ്പോൾ നിർദ്ദേശക തത്വങ്ങളിൽ (47–ാം വകുപ്പ്) മദ്യനിരോധനം ഉൾപ്പെടുത്തുകയം ചെയ്തു – "ലഹരിയുള്ള പാനീയങ്ങളും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളും ഉപയോഗിക്കുന്നത് സമ്പൂർണ്ണമായി നിരോധിക്കാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്".

## 2. അവഗണന

ഇന്നത്തെ കേരള സംസ്ഥാനം രൂപീകരിച്ചത് 1956 നവംബർ 1ന് ആണല്ലോ. അതിനുമുൻപ് തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളും മലബാർ ബ്രിട്ടീഷ് ഇൻഡ്യൻ പ്രവിശ്യയായ മദ്രാസ് പ്രസിഡൻസിയുടെ ഒരു ജില്ലയുമായിരുന്നു. 1948ൽ സി. രാജഗോപാലാചാരി പ്രസിഡൻസിയിൽ ആകമാനം സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തിയപ്പോൾ മലബാറും മദ്യനിരോധന മേഖലയായി. സ്വാതന്ത്ര്യ പ്രാപ്തിയോടുകൂടി

തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദ ഭരണം സ്ഥാപിക്കപ്പെട്ടു. കോൺഗ്രസ്സ് നേതൃത്വത്തിലുള്ള ഇവിടുത്തെ മന്ത്രിസഭകൾ മദ്രാസ് പ്രവിശ്യയോടു ചേർന്നു കിടക്കുന്ന തങ്ങളുടെ താലൂക്കുകളിലും മദ്യനിരോധനം ഏർപ്പെടുത്തി. അങ്ങനെ 1950–ൽ ഭരണഘടന നിലവിൽ വരുന്ന അവസരത്തിൽ കേരളത്തിന്റെ പകുതിയിലധിക ഭാഗവും മദ്യനിരോധന മേഖല ആയിത്തീർന്നു.

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം മദ്യനിരോധനം ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തിയെങ്കിലും അധികാരത്തിൽ വന്ന കോൺഗ്രസ്സ് സർക്കാരുകൾ അതു നടപ്പാക്കുന്നതിൽ ഉദാസീനരായിരുന്നു. തന്നെയുമല്ല, മദ്യനിരോധനം ഒരു സംസ്ഥാനവിഷയമായി ഭരണഘടന പ്രഖ്യാപിക്കുകയാൽ ഒരു അഖിലേന്ത്യാ നയം രൂപീകരിക്കാനും വിഷമം ഉണ്ടായിരുന്നു. മറ്റു പ്രധാനപ്പെട്ട നിർമ്മാണ പരിപാടികൾ നടപ്പിലാക്കുവാൻ ഗാന്ധിജി പ്രത്യേകം സംഘടനകൾ രൂപീകരിച്ചിരുന്നുവെങ്കിലും മദ്യനിരോധനത്തിനു വേണ്ടി അങ്ങനെ ചെയ്യുകയുണ്ടായില്ല. സർക്കാരിൽ പങ്കാളികളാകാതെ സർവ്വോദയ പ്രസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഗാന്ധിശിഷ്യന്മാർ ഖാദി – ഗ്രാമ വ്യവസായ മേഖലക്കാണ് അധികം പ്രാധാന്യം കൊടുത്തതും. ഇതിന്റെയെല്ലാം ഫലമായി മദ്യനിരോധനം ഒരു അടിയന്തിര സാമൂഹ്യ ക്ഷേമ പരിപാടിയെന്ന നിലയിൽ അവഗണിക്കപ്പെട്ടു. കൂടുതൽ സംസ്ഥാനങ്ങളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ കാര്യമായ ശ്രമമൊന്നും ഉണ്ടായില്ല. ഏർപ്പെടുത്തിയ സംസ്ഥാനങ്ങളിൽ അതു പലപ്പോഴും കർശനമായി പാലിക്കപ്പെടുകയും ഉണ്ടായില്ല. ആദ്യം മദ്യനിരോധനം ഏർപ്പെടുത്തിയ സംസ്ഥാനങ്ങളിൽ ഗുജറാത്തിൽ മാത്രമാണ് പാളിച്ചകൾ ഉണ്ടെങ്കിലും അത് ഇന്നും നിലനിൽക്കുന്നത്. 1960 മെയ് മാസം 1–ന് പഴയ ബോംബെ സംസ്ഥാനം മഹാരാഷ്ട്രം എന്നും ഗുജറാത്ത് എന്നും രണ്ടായി വിഭജിക്കപ്പെട്ടതിനു ശേഷം മഹാരാഷ്ട്രത്തിൽ മദ്യനിരോധനം പിൻവലിക്കുകയുണ്ടായി. കേരളത്തിലെ സ്ഥിതിയും മറിച്ചായിരുന്നില്ല. ഇ.എം.എസ്. നമ്പൂതിരിപ്പാട് (1909 – 1998) 1967–ൽ രണ്ടാമതും മുഖ്യമന്ത്രി ആയപ്പോൾ സംസ്ഥാനത്തെ ഭാഗികമായ മദ്യനിരോധനം എടുത്തു കളഞ്ഞു. 1969–നു ശേഷം മദ്രാസിലും രാഷ്ട്രീയ കാലാവസ്ഥ അനുസരിച്ച് മദ്യനിരോധനം വന്നും പോയും ഇരിക്കുന്നു.

# 3. ഫാ. പാറയ്ക്കൽ: മദ്യവർജ്ജന പ്രസ്ഥാനം

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഏതാണ്ടു മൂന്നു ദശാബ്ദക്കാലം കേരളത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനത്തിൽ ഏറ്റവും കാര്യമായ പങ്കു വഹിച്ച ക്രിസ്തീയ മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ ജീവനാഡിയായിത്തീർന്നത് ഫാദർ കുര്യാക്കോസ് പാറയ്ക്കൽ (കോറെസ്പിക്കോപ്പ) ആയിരുന്നു. മാങ്ങാനം മന്ദിരം സ്ഥാപകനായ പി.സി. ജോർജ്ജ് തന്റെ ചുറ്റും മദ്യപാനത്തിന്റെ ദാരുണ ഫലങ്ങൾ കണ്ട് മനസ്സലിഞ്ഞ് ഈ തിന്മക്കെതിരായി നിരന്തര പ്രചരണം ആരംഭിച്ച് ഒടുവിൽ സ്ഥാപിച്ച് മദ്യവർജ്ജന പ്രസ്ഥാനമായിരുന്നു ഫാ. പാറയ്ക്കലിന്റെ പ്രവർത്തന വേദി. 1951 സെപ്തംബർ 12 ന് (1127 തിരുവോണദിവസം) പുതുപ്പള്ളിയിൽ ഇതു സംബന്ധിച്ചു ചേർന്ന വമ്പിച്ച സമ്മേളനത്തിൽ ഫാ. പാറയ്ക്കൽ ആയിരുന്നു സ്വാഗത പ്രാസംഗികൻ. 1953–ൽ തിരു–കൊച്ചി അടിസ്ഥാനത്തിലും 1956–ൽ അഖില കേരളാടിസ്ഥാനത്തിലും പ്രസ്ഥാനത്തെ വികസിപ്പിച്ചു. ഫാ. പാറയ്ക്കലിന് കഥാപ്രസംഗകലയിൽ ഉണ്ടായിരുന്ന പ്രാഗത്ഭ്യം അദ്ദേഹത്തിന്റെ ബോധവൽക്കരണ പ്രവർത്തനത്തിന് ഊർജ്ജം പകർന്നു. അർപ്പണ ബോധവും ആഴത്തിലുള്ള പഠനവും ഇതിനു സഹായകമായി. ഫാ. പാറയ്ക്കലിനോടൊപ്പം പ്രവർത്തിച്ച വെട്ടം തോമസിനെയും യുവജന നേതാവ് ഏ.ജെ. ഏബ്രഹാമിനെയും മറന്നുകൂടാ. സ്വാതന്ത്ര്യസമരസേനാനി കെ.എ. മാത്യു (തിരുവല്ല) വും ആദ്യകാല നേതാക്കളിൽ ഉൾപ്പെട്ടിരുന്നു. വിവിധ ക്രൈസ്തവ സഭകളെ രംഗത്തു കൊണ്ടു വരാനും ഇടവകാടിസ്ഥാനത്തിൽ അതിനെ സുസംഘടിതമാക്കാനും ഫാ: പാറയ്ക്കൽ യത്നിച്ചു. ഇതിന്റെ ഫലമായി കേരള ക്രൈസ്തവ സംയുക്ത മദ്യവർജ്ജന സമിതി 1964ൽ രൂപീകൃതമായി. പ്രസ്തുത സമിതിയും അതിന്റെ ഘടകമായ ബിഷപ്സ് കോൺഫറൻസും ഇന്നു സജീവമായി പ്രവർത്തിക്കുന്നു. ഫാ. പാറയ്ക്കലും മറ്റുമാണ് മദ്യവർജ്ജന പ്രസ്ഥനത്തിനു നേതൃത്വം നൽകിയിരുന്നതെങ്കിലും അതിന്റെ പ്രവർത്തനം ജാതി മത ചിന്തകൾക്ക് അതീതമായിരുന്നു. ഫാ. കുര്യാക്കോസ് പാറയ്ക്കൽ (1950) പി.പി.ഉമ്മൻ (1951), കെ.സി. മാമ്മൻ മാപ്പിള (1953), ഡോ.പി.റ്റി. തോമസ് പാലാമ്പടം (1954) കെ. എ. മാത്യു തിരുവല്ല (1956), കെ. കേളപ്പൻ (1960) ലക്ഷ്മി എൻ. മേനോൻ (1976), എം.പി. മന്മഥൻ (1978) എൻ.എം. ജോസഫ്

(1980–81) എന്നിവരായിരുന്നു പ്രസിഡന്റുമാർ. സെക്രട്ടറിമാർ പി.സി.ജോർജ്ജ് (1950), സി.ഐ. മാത്തൻ (1951), വെട്ടം തോമസ് (1958–89) എന്നിവരും ആയിരുന്നു. 1964–ൽ സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയും 1978–ൽ കേരള മദ്യനിരോധന സമിതിയും രൂപീകൃതമായ തോടെ ഫാ. പാറയ്ക്കലും മറ്റും ഈ സംഘടനകളിലും നേതൃസ്ഥാന ത്തു നിന്നു പ്രവർത്തിക്കാൻ തുടങ്ങി. പ്രവർത്തകരുടെ ശ്രദ്ധ ഏറിയ പങ്കും അങ്ങോട്ടായി. പിന്നീട് മദ്യവർജ്ജന പ്രസ്ഥാനത്തിന് പഴയ ഊർജ്ജസ്വ ലത വീണ്ടു കിട്ടിയില്ല. എങ്കിലും 1967–ൽ മേലടി (പയ്യോളി) യിൽ കേള പ്പന്റെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹത്തെയും 1978–ൽ തലശ്ശേരി രൂപ തയിൽ ആരംഭിച്ച മദ്യവർജ്ജന പ്രസ്ഥാനത്തെയും സംഘടന സഹായി ച്ചതായി കാണുന്നു.

## 4. സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി

ഒരു സമുദായം എന്ന നിലയിൽ മദ്യവിരുദ്ധ പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ താൽപര്യം കാണിച്ചിട്ടുള്ളത് ക്രിസ്തീയ സമുദായമാ ണ്. ഈ രംഗത്ത് നേതൃത്വം നൽകുന്നത് സംയുക്ത ക്രൈസ്തവ മദ്യ വർജ്ജന സമിതിയാകുന്നു. അതിരൂപത, രൂപത, ഇടവക എന്നീ തലങ്ങ ളിൽ സുഘടിതമായ വിവിധ ക്രിസ്തീയ സഭകൾ, സമിതിയുടെ നേതൃ ത്വത്തിൽ മദ്യത്തിനെതിരായി ശക്തമായ ബോധവൽക്കരണം നടത്തുന്നു ണ്ട്. കൂടാതെ കേരള മദ്യ നിരോധനസമിതിയുടെ ആവർഭാവം മുതൽ സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ പൂർണ്ണമായ പിൻതു ണ സംഘടനക്കു ലഭിക്കുന്നുമുണ്ട്. സംയുക്ത ക്രൈസ്തവ മദ്യവർജ്ജ ന സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് മാങ്ങാനം എന്ന സ്ഥലത്ത് ട്രാഡാ എന്ന പേരിൽ അതിപ്രശസ്തമായ ഒരു മദ്യാസക്തി രോഗ ചികി ത്സാ കേന്ദ്രവും നടത്തി വരുന്നു. ചികിത്സക്ക് ഉത്തരവാദിത്വം വഹിക്കു ന്നത് ഡോ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര ആണ്. 1964–ൽ സംയുക്ത ക്രൈ സ്തവ മദ്യവർജ്ജന സമിതി രൂപീകൃതമായപ്പോൾ അതിന്റെ നേതൃത്വം സമർപ്പിതമായത് പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ (പ്രസി ഡന്റ്), ഫാ. കുരിയാക്കോസ് പാറയ്ക്കൽ (സെക്രട്ടറി) എന്നിവരിലായി രുന്നു. മാർ സെബാസ്റ്റ്യൻ വയലിനു ശേഷം മെത്രാൻ മാർ ജോസഫ്

പള്ളിക്കാപ്പറമ്പിൽ (പാലാ), പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തു. ഫാ.പാറയ്ക്കലിനെ തുടർന്ന് ഫാ. ജി. കോലത്ത്, ഫാ. തോമ്മസ് പി. ജോർജ്ജ് എന്നിവർ സെക്രട്ടറി സ്ഥാനത്തു വന്നു.

## 5. ഇ. എം. എസ്സിന്റെ കടുംകൈ

കേരളത്തിൽ രണ്ടു പതിറ്റാണ്ടോളം നിലനിന്ന ഭാഗികമായ മദ്യനിരോധനം 1967–ൽ ഈ.എം.എസ്. മന്ത്രിസഭ എടുത്തു കളഞ്ഞ കാര്യം സൂചിപ്പിച്ചിരുന്നല്ലോ. അന്നു മദ്യവർജ്ജന പ്രസ്ഥാനവും സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയും മാത്രമായിരുന്നു മദ്യവിരുദ്ധ പ്രവർത്തന രംഗത്ത് ഉണ്ടായിരുന്നത്. ഇവ പ്രതിഷേധിച്ചു എങ്കിലും സമര സംഘടനകൾ അല്ലാത്തതിനാൽ വാക്കാലുള്ള പ്രതിഷേധത്തിനപ്പുറം പോകുവാൻ ഇവയ്ക്കു കഴിഞ്ഞില്ല.

എന്നാൽ കേരളത്തിലെ പ്രമുഖ ഗാന്ധിശിഷ്യനായ കെ. കേളപ്പൻ (1889–1971) കഠിനമായിത്തന്നെ പ്രതിഷേധിച്ചു. തന്റെ പഴയ സഹപ്രവർത്തകനായിരുന്ന മുഖ്യമന്ത്രിയെ കണ്ട് പ്രതിഷേധം അറിയിച്ചു. ഫലം ഇല്ലെന്നു കണ്ടപ്പോൾ 1969ലെ ഗാന്ധി ജന്മശതാബ്ദിയാഘോഷത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ചിരുന്ന സമിതിയിൽ നിന്നു രാജിവെയ്ക്കുകയും മദ്യവിരുദ്ധ സത്യാഗ്രഹത്തിന് ആഹ്വാനം നൽകുകയും ചെയ്തു. കേരള സർവ്വോദയ മണ്ഡലം ഈ ചുമതല ഏറ്റെടുത്തു. മലബാറിലെ പയ്യോളി പഞ്ചായത്തിലെ എല്ലാ മദ്യഷാപ്പുകൾക്കു മുൻപിലും 1967 ആഗസ്റ്റ് 15 മുതൽ ആരംഭിച്ച പിക്കറ്റിംഗ് ആറു മാസം നീണ്ടു നിന്നു. അതിന്റെ സമാപനത്തോടടുപ്പിച്ചു തിരുനാവായ സർവോദയ മേളയിൽ (1968 ഫെബ്രവരി 12) വി.ടി. ഭട്ടതിരിപ്പാട് ഇങ്ങനെ പ്രഖ്യാപിച്ചു: "ജഗദ് ഗുരു ശ്രീ ശങ്കരന്റെ പിൻതലമുറക്കാർ കേരളത്തിലെങ്ങും തണ്ണീർപന്തലുകൾ ഉണ്ടാക്കി. ഇന്നത്തെ ശങ്കരൻ നമ്പൂതിരി അതിന്റെ സ്ഥാനത്ത് സർവത്ര മദ്യഷാപ്പുകളാണുണ്ടാക്കുന്നത്". പിക്കറ്റിംഗിന് സ്ഥായിയായ ഫലമൊന്നും ഉണ്ടായില്ല.

## 6. വടക്കേ മലബാറിലെ പ്രസ്ഥാനം

1978 കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ

അവിസ്മരണീയമായ ഒരു വർഷമാണ്. വടക്കേ മലബാറിലെ മദ്യവർജ്ജന പ്രസ്ഥാനവും കേരള മദ്യനിരോധന സമിതിയും സംഘടിതമായത് ആ വർഷത്തിലാണ്. 1964–ൽ സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ ആവിർഭാവത്തിനു ശേഷം സംഘടനാരംഗത്തുണ്ടായ ഏറ്റവും പ്രധാനപ്പെട്ട മുന്നേറ്റമായിരുന്നു ഇവ രണ്ടും.

വടക്കേ മലബാറിലെ മദ്യവർജ്ജന പ്രസ്ഥാനം സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ഇതിനു മുൻകൈ എടുത്തത് അഭിവന്ദ്യ മെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവർകളാണ്. മലബാർ കുടിയേറ്റത്തിന്റെ (1928)സുവർണ്ണ ജയന്തിയും തലശ്ശേരി രൂപതയുടെ (1953) രജത ജയന്തിയും സംയുക്തമായി ആഘോഷിക്കുന്ന സന്ദർഭത്തിലാണ് ആ ഉന്നത ശീർഷനായ മനുഷ്യ സ്നേഹി ഇങ്ങനെയൊരു തീരുമാനം എടുത്തത്. കുടിയേറ്റക്കാരായ തന്റെ മക്കൾ അദ്ധ്വാനിച്ചുണ്ടാക്കിയ ഐശ്വര്യം മുഴുവൻ മദ്യപ്പിശാചിനു മുൻപിൽ ഹോമിക്കുന്നതു കണ്ട് മനംനൊന്തിട്ടാണ് അദ്ദേഹം അങ്ങനെ ചെയ്തത്. 1978 മദ്യവർജ്ജനവർഷമായി പ്രഖ്യാപിച്ചത് ജനുവരി 1–ാം തീയതിയാണ്. മദ്യവർജ്ജനം രൂപതയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി. റവ.ഫാ. തോമ്മസ് തൈത്തോട്ടം ഡയറക്ടറായും റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് അസി. ഡയറക്ടറായും മാത്യു എം കണ്ടം സെക്രട്ടറിയായും നേതൃസമിതിയും രൂപീകരിച്ചു. ഇവരോടൊപ്പം പ്രവർത്തിച്ച പി.കെ. ഗ്രിഗറി (1921–93) എന്ന മുതിർന്ന അദ്ധ്യാപകന്റെ സേവനവും ഓർക്കേണ്ടതുണ്ട്. മദ്യത്തിനെതിരായുള്ള നിരന്തരവും നിസ്തന്ദ്രവുമായബോധവൽക്കരണമായിരുന്നു സമിതിയുടെ മുഖ്യ പരിപാടി. ഇടവകകൾ തോറും ഇതിനായി ഘടകങ്ങൾ രൂപീകരിക്കപ്പെട്ടു. ബോധവൽക്കരണത്തിനു മപ്പുറം അനധികൃത ഷാപ്പുകൾ പൂട്ടിക്കാനുള്ള അഹിംസാത്മക സമരവും സമിതി ഏറ്റെടുത്തു. അങ്ങനെ നൂറുകണക്കിനുള്ള ഷാപ്പുകൾ പൂട്ടി. മദ്യാസക്തി ഒരു വ്യാധിയായി ആവേശിച്ച വ്യക്തികളെ ചികിത്സിക്കാൻ തലശ്ശേരി ജോസ്ഗിരി, കൂത്തുപറമ്പ് ക്രിസ്തുരാജാ, പെരുമ്പുന്ന അർച്ചന, ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് എന്നീആശുപത്രികളിൽ വിപുലമായ സൗകര്യങ്ങൾ ചെയ്തു. കൂടാതെ പ്രതീക്ഷ എന്ന പേരിൽ മദ്യാസക്തരെ ചികിത്സിക്കാൻ വേണ്ടി മാത്രം ഒരു കേന്ദ്രം തലശ്ശേരി

പട്ടണത്തിൽ തുറന്നിട്ടുമുണ്ട്. തലശ്ശേരി രൂപതാ മദ്യവർജ്ജന സമിതി കേരള മദ്യനിരോധനസമിതിയുമായി പൂർണ്ണമായി സഹകരിച്ചാണ് പ്രവർത്തിച്ചു പോന്നിട്ടുള്ളത്. വടക്കേ മലബാറിൽ മദ്യവിരുദ്ധ പ്രസ്ഥാനം ശക്തമാണെങ്കിൽ അതിനുള്ള മഖ്യകാരണം ഈ മദ്യവർജ്ജന സമിതിയുടെ ചൈതന്യം തന്നെയാണ്. മാർ സെബസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ പ്രചോദനവും ഫാ. തൈത്തോട്ടത്തിന്റെ വാഗ്മിത്വവും ഊർജ്ജസ്വലതയും മാത്യു എം കണ്ടത്തെപ്പോലുള്ളവരുടെ ആത്മാർത്ഥതയും ആണ് ഈ ചൈതന്യത്തിനു പിന്നിൽ. ഇവരെല്ലാം തന്നെ കേരള മദ്യ നിരോധന സമിതിയുടെ നേതൃ നിരയിൽ പെട്ടവരുമാണ്.